തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ച തുക

24 [307] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ച തുകയിൽ എത്ര ശതമാനം തുക വീതം പ്രസ്തുത വർഷങ്ങളിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം നൽകിയിരുന്നു;

(സി) ഓരോ വർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തു തുക വീതം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചതിൽ നൽകിയ തുകയുടെ ശതമാനം ചുവടെ ചേർക്കുന്നു:

2001-2002 - 61.80%, 2002-2003 - 75%, 2003-2004 - ഏകദേശം 80%

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതമായി നീക്കിവച്ച തുകയിൽ 1997-98-ൽ 99.04%-വും 1998-99-ൽ 98.82%-വും 1999-2000-ൽ 83.17%-വും 2000-01-ൽ 72.68%-വും നൽകിയിട്ടുണ്ട്.

(സി) 1997-98-ൽ 741.87 കോടി രൂപയും, 1998-99-ൽ 938.87 കോടി രൂപയും, 1999-2000-ൽ 848.31 കോടി രൂപയും, 2000-2001-ൽ 748.05 കോടി രൂപയും, 2001-2002-ൽ 525.36 കോടി രൂപയും, 2002-03-ൽ 1006.50 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. 2003-04-ലെ കൃത്യമായ വിവരം ശേഖരിച്ചുവരുന്നു.

തദ്ദേശ ഭരണം, ഗ്രാമീണവികസനം, ജലവിഭവമാനേജ്മെന്റ് എന്നീ മേഖലകൾക്ക് ലഭിക്കുന്ന ഡച്ച് ധനസഹായം

25 [308] ശ്രീ. എഴുകോൺ നാരായണൻ :
,, എൻ. ഡി. അപ്പച്ചൻ :
,, എം. എ. ചന്ദ്രശേഖരൻ :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, കെ. സി. ജോസഫ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണം, ഗ്രാമീണവികസനം, ജലവിഭവ മാനേജ്മെന്റ് എന്നീ മേഖലകൾക്ക് ഡച്ച് ധനസഹായം ലഭിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നു മുതൽ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈയിനത്തിൽ എന്തു തുക സഹായധനമായി കിട്ടി;

(ഡി) എന്തെല്ലാം വ്യവസ്ഥകളിലാണ് പ്രസ്തുത ഗവൺമെന്റ് ധനസഹായം നൽകുന്നത്;

(ഇ) പ്രസ്തുത തുക ചെലവഴിക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് എന്തെല്ലാം നിയന്ത്രണങ്ങളുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളമിനത്തിൽ ചെലവായ തുക

26 [309] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളമിനത്തിൽ കഴിഞ്ഞ അഞ്ചുവർഷമായി എന്തു തുക ചെലവായി എന്ന് വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജീവനക്കാരുടേയും അദ്ധ്യാപകരുടേയും എന്തെല്ലാം ആനുകൂല്യങ്ങളിലാണ് കുറവ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വർഷം തിരിച്ചുള്ള കണക്കുകൾ ഇപ്രകാരമാണ്.

1998-1999 - 3254.68 കോടി രൂപ

1999-2000 - 4502.86 കോടി രൂപ

2000-2001 - 4491.61 കോടി രൂപ

2001-2002 - 4200.82 കോടി രൂപ

2002-2003 - 4678.99 കോടി രൂപ

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദ്യോഗസ്ഥരുടെ ലീവ് സറണ്ടർ ആനുകൂല്യം, ഭവന വായ്പ, വാഹന വായ്പ, പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ ശമ്പളം, ആദ്യമായി സർവ്വീസിൽ പ്രവേശിക്കുന്നവർക്കുള്ള അലവൻസുകൾ, പെൻഷൻ കമ്മ്യൂട്ടേഷൻ തുടങ്ങിയ ഇനങ്ങളിൽ ചില കുറവുകളും, നിറുത്തലാക്കലുകളും ഏർപ്പെടുത്തിയിരുന്നു. ഈ ആനുകൂല്യങ്ങൾ പിന്നീട് ഭാഗികമായി പുനഃസ്ഥാപിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly